**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2908** **14-09-2023 - ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴ ചേതന പാലിയേറ്റീവ് & ചാരിറ്റബിൾ സൊസൈറ്റിയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | അമ്പലപ്പുഴയിൽ പ്രവർത്തിക്കുന്ന ചേതന പാലിയേറ്റീവ് & ചാരിറ്റബിൽ സൊസൈറ്റി എന്നുമുതലാണ് പ്രവർത്തനം ആരംഭിച്ചതെന്നും സൊസൈറ്റിയുടെ പ്രസിഡന്റും സെക്രട്ടറിയും ആരാണെന്നും വ്യക്തമാക്കാമോ; | (എ) | 30/12/2015 നാണ് ചേതന പാലിയേറ്റീവ് കെയർ ചാരിറ്റബിൾ സൊസൈറ്റി ALP/TC/824/2015 നമ്പരായി ആലപ്പുഴ ജില്ലാ രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്.<br><br>ടി സംഘത്തിന്റെ ബൈലോ പ്രകാരം സംഘത്തിന്റെ പ്രസിഡന്റ് - ശ്രീ. ജി.സുധാകരൻ ( നവനീതം, സനാതനപുരം, ആലപ്പുഴ), സെക്രട്ടറി - ശ്രീ. എച്ച്.സലാം (ഉച്ചിപ്പുഴ, വണ്ടാനം, പി.ഒ. ആലപ്പുഴ-5) എന്നിവരാണ്. |
| (ബി) | പ്രസ്തുത സൊസൈറ്റി പ്രവർത്തനം ആരംഭിച്ചതു മുതൽ നാളിതുവരെയായി എത്ര തവണ വാർഷിക റിട്ടേൺ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത സൊസൈറ്റി രജിസ്റ്റർ ചെയ്തതിന് ശേഷം വാർഷിക റിട്ടേണുകൾ ഫയൽ ചെയ്തിട്ടില്ല. |
| (സി) | സംസ്ഥാനത്ത് ഇത്തരത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ വാർഷിക റിട്ടേണും ഓഡിറ്റും അതത് സാമ്പത്തിക വർഷം തയ്യാറാക്കണമെന്ന് വ്യവസ്ഥയുണ്ടോ; ഇപ്രകാരം ഓഡിറ്റ് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നടത്തിയില്ലെങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സംഘത്തിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | 1955 - ലെ തിരു - കൊച്ചി, സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യുന്ന സംഘങ്ങൾ , ടി ആക്റ്റ്, സെക്ഷൻ 13 - ലെ വ്യവസ്ഥകൾക്ക് വിധേയമായി ഓരോ കലണ്ടർ വർഷത്തിലും ഒരിക്കലെങ്കിലും ബാക്കിപത്രവും വരവുചെലവ് കണക്കുകളും പൊതുയോഗത്തിൽ അവതരിപ്പിക്കേണ്ടതും ആയത് ആദ്യത്തെ പ്രാവശ്യത്തേതാണെങ്കിൽ, ഭരണസമിതി നിയമിക്കുന്ന ആഡിറ്ററാലും, പിന്നീടുള്ളവയാണെങ്കിൽ പൊതുയോഗത്തിൽ നിന്നും നിയമിതനാകുന്ന ആഡിറ്ററാലും പരിശോധിക്കപ്പെടേണ്ടതും , ശേഷം , ഭരണസമിതിയിൽ കുറഞ്ഞത് രണ്ടംഗങ്ങളെങ്കിലും സാക്ഷ്യപ്പെടുത്തിയ ബാക്കിപത്രത്തിന്റെ പകർപ്പ് പൊതുയോഗത്തിന്റെ തീയതി മുതൽ 21 ദിവസത്തിനകം ജില്ലാ രജിസ്ട്രാർ മുമ്പാകെ ഫയൽ ചെയ്യേണ്ടതുമാകുന്നു. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം, സംഘവും അതിലെ ഓരോ ഭരണസമിതി അംഗവും നിശ്ചിത പിഴക്ക് വിധേയരാകുന്നതാണ്. |

| | | | |
|---|---|---|---|
| | | | സെക്ഷൻ 13(5) പ്രകാരമുള്ള പിഴയൊടുക്കി ആയത് പരിഹരിക്കുന്നതിന് വ്യവസ്ഥ ഉള്ളതിനാൽ, ടി സംഘത്തിനെതിരെ നടപടികളൊന്നും സംഘം രജിസ്ട്രാർ സ്വീകരിച്ചിട്ടുള്ളതല്ല. |
| (ഡി) | പ്രസ്തുത സൊസൈറ്റിയുടെ ധന കൈമാറ്റം, ഉപകരണങ്ങൾ വാങ്ങൽ തുടങ്ങിയ കാര്യങ്ങൾക്ക് സംഘത്തിന് വേണ്ടി ചെക്കിൽ ഒപ്പിടുന്നത് ആരെല്ലാമെന്നും അവരുടെ പേര്, സ്ഥാനപ്പേര് എന്നിവയും ലഭ്യമാക്കാമോ; | (ഡി) | ടി സംഘം രജിസ്ട്രേഷന് വേണ്ടി ജില്ലാ രജിസ്ട്രാർ ആഫീസിൽ ഹാജരാക്കിയ രേഖകളിൽ നിന്നും പ്രസ്തുത വിവരങ്ങൾ വ്യക്തമല്ല. |
| (ഇ) | പ്രസ്തുത സ്ഥാപനത്തിന്റെ നാളിതുവരെയുള്ള എല്ലാ പർച്ചേയ്സുകളും ചട്ടങ്ങൾ പാലിച്ചാണോയെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാമോ? | (ഇ) | പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ